VOL-6

കുട്ടികളുടെ രചനകൾ





# കുറിപ്പെൻസിൽ

## കുഞ്ഞുമനസ്സിലെ വലിയ ഒച്ചകൾ

Published by

സെന്റ് ജോസഫ്സ് യു.പി സ്കൂൾ കല്ലോടി

# ഉൾത്താളുകളിൽ


ചില്ലുമഴ

പോരാടാം

പുഴുപ്പല്ലൻ

നിറക്കൂട്ടുകൾ 1

നേരം

നിറക്കൂട്ടുകൾ 2

ഭൂമിയിലെ മാലാഖമാർ




# ഭൂമിയിലെ മാലാഖമാർ

കുട്ടിക്കവിത

കരുതലായ് കരുണയായ്
ആശ്വാസതീരമായ് നേഴ്സുമാർ
കൊറോണ വിഴുങ്ങിയ നാടിനെ രക്ഷിക്കാൻ
കൂടെ നടന്നു ആ ധീരതാരങ്ങൾ
ആശുപത്രിയിൽ സാന്ത്വനമായ് നിൽക്കുമവർ
നാടിന്റെ മാലാഖമാരാണവർ
നമുക്കേകാം ആയിരമായിരം
നന്ദിതൻ നറു പൂക്കൾ ......





തെരേസ സാറ സയൂരി 2A




റോസ്മേരി അഗസ്റ്റിൻ 6 B




ആർദ്ര ഇ ആർ 4B

# ചില്ലുമഴ

കവിത

ഉച്ചനേരത്തൊരു
കൊച്ചു മയക്കത്തിൽ
പിച്ചവെച്ചെത്തിയ കാർമുകിലേ
തല്ലിച്ചിതറുമാ
ചില്ലു കണക്കെയെൻ
മുന്നിലുന്മാദിനിയായ്
പൊഴിഞ്ഞു നീ
പൂക്കുന്ന തൈമാവിൻ
ചില്ലകളും നിരന്നാടുന്ന
കൈതോല കൂട്ടങ്ങളും
നിന്നെ വരവേൽക്കാൻ
ചമഞ്ഞു നിന്നൂ ....

ഫാത്തിമ നിഹാല 5C

# പുഴുപ്പല്ലൻ



കുട്ടിക്കഥ

അപ്പുകുട്ടൻ ആകെ നിരാശനാണ് .

എല്ലാവരും തന്നെ പുഴുപ്പല്ലൻ എന്നാണ് വിളിക്കുന്നത്.

അന്നും പതിവുപോലെ അവന്റെ അച്ഛൻ തേങ്ങ പറിക്കാൻ

പോയി. കൂലിയുടെ കൂടെ കിട്ടുന്ന തേങ്ങയുമായി വൈകുന്നേരം

അച്ഛൻ തിരിച്ചെത്തി. സ്കൂളിൽ നിന്നും വന്ന അപ്പുവിന് അച്ഛൻ

തേങ്ങാപ്പൂൾ തിന്നാൻ കൊടുത്തു. അത്ഭുതമെന്നു പറയട്ടെ

അപ്പുവിന്റെ പല്ലുകൾ സ്വർണനിറമുള്ള പല്ലുകളായി മാറി..

പിന്നീട് അവനെ ആരും പുഴുപല്ലൻ എന്നു വിളിച്ചു കളിയാക്കിയില്ല.



അഥീന ജിനീഷ് 4A


# പോരാടാം

കവിത

കൊറോണക്കെതിരെ പോരാടാം
കൈകൾ വൃത്തിയായി കഴുകീടാം
കൊറോണയെന്ന മഹാമാരിയെ
നമ്മൾക്കൊന്നായ് തീർത്തിടാം
ലോകമേ കൈകോർത്തിടൂ
കൊറോണച്ചങ്ങല പൊട്ടിക്കാനായ്
മാസ്ക് ധരിക്കൂ സുരക്ഷിതരാകൂ
നമ്മൾക്കൊന്നായ് പോരാടാം

**Stay home Stay Safe**

കീർത്തന 5C



പ്രകൃതിയെ സംരക്ഷിക്കാം
വനനശീകരണം ഒഴിവാക്കാം

റന ഖദീജ 2A



ആൻ മരിയ റോസ് 5 A




കൃഷ്ണപ്രിയ 6 B



അഭിയ ജെ എസ് 6 B


# നേരം

കുട്ടിക്കവിത

നേരം പുലർന്നു എന്നു
എൻ അമ്മ വിളിച്ചപ്പോൾ
കണ്ണും തിരുമ്മി ഞാൻ മുറ്റത്തു വന്നു
കണ്ണുതുറന്നു ഞാൻ പാടത്ത് നോക്കി
നെൽമണി കൊത്തുന്ന വെണ്മണി പ്രാവുകൾ
കൂട്ടത്തിൽ പാൽവെള്ള കൊറ്റികളും
അമ്മ വിളിക്കുന്നു ചായ കുടിക്കുവാൻ
പെട്ടെന്ന് ഒരുങ്ങി ഞാൻ സ്കൂളിലേകും
പോകുംവഴി കുളിക്കടവിൽ നോക്കി ഞാൻ
ആകാശനീലിമ വെള്ളത്തിലും
പെട്ടെന്നു ണ്ണിം ശബ്ദവും ശാന്തവും
ഓടി ഞാൻ സ്കൂളിന്റെ ഉള്ളിലേക്ക്...




ജെ. ജയശ്രേയ 1A




ആൽഫിയ അയ്യൂബ് 4A




നിവേദ്യ ജയൻ 6A



അബിൻ സെബാസ്റ്റ്യൻ 5B




# കുറിപ്പെൻസിൽ

ചെറു മനസ്സിലെ വലിയ ഒച്ചകൾ

An online publication

Designed by :Jishin MJ (sjups kallody)